ഇ.എം.എസ്. സമ്പൂർണ്ണ പദ്ധതി

126 (6044) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇ.എം.എസ്. സമ്പൂർണ്ണ പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര വീടുകളാണ് പണിതിട്ടുള്ളത് ; ഈ പദ്ധതി പ്രകാരം വീട് ലഭിച്ചിട്ടുള്ളവരുടെ ആകെ എണ്ണം എത്ര ;

(ബി) വീട് ലഭിച്ച ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം ചാലക്കുടി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 419 വീടുകളാണ് പണിതിട്ടുള്ളത്. ഈ പദ്ധതി പ്രകാരം വീട് ലഭിക്കുന്ന ആകെ ഗുണഭോക്താക്കൾ 664 ആണ്.

(ബി)

പഞ്ചായത്തിന്റെ പേര്	പണിത വീടുകളുടെ എണ്ണം	വീട് ലഭിക്കുന്നവരുടെ എണ്ണം
കാടുകുറ്റി	22	36
കൊരട്ടി	22	45
മേലൂർ	15	63
കോടശ്ശേരി	129	148
പരിയാരം	24	126
ആതിരപ്പള്ളി	30	53
കൊടകര	177	193
(ഡീ-ലിമിറ്റേഷൻ പ്രകാരം ചാലക്കുടി മണ്ഡലത്തിൽ ചേർത്തത്)		
ആകെ	419	664

വയനാട് ജില്ലയിലെ ഇ.എം.എസ്. ഭവന പദ്ധതി

127 (6045) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഇ.എം.എസ്. ഭവന പദ്ധതിയിൽ ഇതുവരെ നൽകിയ വീടുകൾ ജനറൽ വിഭാഗം, ആദിവാസി വിഭാഗം എന്നിങ്ങനെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly